ജീവനക്കാരുടെ വേതനം, മറ്റ് അവശ്യകാര്യങ്ങൾക്കുമായാണ് ഈ ഫണ്ട് അനുവദിച്ചിരിക്കുന്നത്.

3. കോവിഡ് ബ്രിഗേഡ് ഫണ്ട് കരാർ ജീവനക്കാർക്കുള്ള ഇൻസന്റീവും അലവൻസുമായി ഇതുവരെ 145.42 കോടി അനുവദിച്ചിരുന്നു.

(ബി) പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

എല്ലാ ജില്ലകൾക്കുമൊപ്പം വയനാട് ജില്ലയ്ക്കും മുകളിൽ പ്രതിപാദിച്ചിരിക്കുന്നവയിൽനിന്നും അനുവദിച്ച ഫണ്ടുകൾ താഴെ പറയുന്നു.

| | | |
|---|---|---|
| സംസ്ഥാന ദുരന്തനിവാരണ സമിതി | - | 125 ലക്ഷം |
| ആശുപത്രി വികസന സമിതി | - | 212.76 ലക്ഷം |
| കരാർ ജീവനക്കാർക്കുള്ള ഇൻസെന്റീവും അലവൻസും | - | 665.940 ലക്ഷം |

**പെൺകുട്ടികൾക്ക് വിവാഹ ധനസഹായം**

247 (3274) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നല്കുന്ന പദ്ധതിപ്രകാരം കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും ഗുണഭോക്താക്കളുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നല്കുന്ന ധനസഹായം വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്ന മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്താൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

(എ-സി) ബി.പി.എൽ. കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നല്കുന്ന പദ്ധതി വനിതശിശു വികസന വകുപ്പ് നടപ്പിലാക്കുന്നില്ല.

**ഫാമിലി വെൽഫെയർ സെന്ററിന്റെ പുതിയ ബ്ലോക്ക് നിർമ്മാണം**

248 (3275) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മറ്റം സെന്ററിൽ സ്ഥിതി ചെയ്യുന്ന കണ്ടാണശ്ശേരി ഫാമിലി വെൽഫെയർ സെന്ററിന്റെ പുതിയ ബ്ലോക്കിന്റെ നിർമ്മാണത്തിനായി എം.എൽ.എ-യുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും എത്ര തുകയാണ് അനുവദിച്ചതെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly